മേൽപ്പറഞ്ഞവരുടെ പങ്കാളിത്തത്തിനായി വേണ്ട ക്രമീകരണങ്ങൾ മേഖലാ വികാരിമാരും, ഇടവക വികാരിമാരും താമസംവിനാ ചെയ്യേണ്ടതാകുന്നു. ഇടവകകളിൽ നിന്നും മേഖലകളിൽ നിന്നും പങ്കെടുക്കുന്നവരുടെ പേരു വിവരങ്ങൾ ജൂലൈ 15-ാം തിയതിക്ക് മുമ്പായി ബഹു. വർഗ്ഗീസ് പന്തിരായിത്തടത്തിലച്ചനെ അറിയിക്കേണ്ടതാണ്.

ഭദ്രാസന അസംബ്ലിയുടെ വിജയകരവും ഫലദായകവുമായ നടത്തിപ്പിനായി ഏവരും പ്രാർത്ഥിക്കുവാൻ പ്രത്യേകം താൽപര്യപ്പെടുന്നു. കടന്നു വരുന്ന ദ്വിതീയ ഭദ്രാസന അസംബ്ലി നമ്മുടെ ഭദ്രാസനത്തിലെ കുടുംബങ്ങളിൽ കൃപ നിറയുന്നതിനും അതുവഴി സമൂഹത്തിൽ മുഴുവനും പുത്തൻ ഉണർവ്വുണ്ടാകുന്നതിനും ഇടയാക്കട്ടെ!

ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+ Mar Theodosius

മൂവാറ്റുപുഴ അരമന
04.07.2019

✠ **യൂഹാനോൻ മാർ തെയഡോഷ്യസ്**
മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്താ

N.B.: ഈ സർക്കുലർ വരുന്ന ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.



# THE SYRO-MALANKARA CATHOLIC CHURCH
# EPARCHY OF MUVATTUPUZHA

✠Yoohanon Mar Theodosius
Metropolitan of Muvattupuzha

Catholic Bishop's House
Vazhappilly, Mudavoor P.O,
Muvattupuzha - 686 669

Prot. No. CL 02/2019

## സർക്കുലർ

### ദ്വിതീയ ഭദ്രാസന അസംബ്ലി

**വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, ശെമ്മാശൻമാരേ, പ്രിയ വിശ്വാസികളേ,**

കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ വഴികളിൽ നടക്കുകയും ചെയ്യുന്നവന്റെ കുടുബത്തെക്കുറിച്ച് 128-ാം സങ്കീർത്തനം അതിമനോഹരമായി വർണ്ണിക്കുന്നു. ഈ സങ്കീർത്തനഭാഗത്തെ വിശകലനം ചെയ്തുകൊണ്ടാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ *സ്നേഹത്തിന്റെ ആനന്ദം (അമോരിസ് ലെത്തീസ്യ)* എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ പ്രഥമ അദ്ധ്യായം ആരംഭിക്കുന്നതു തന്നെ. കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ വഴികളിൽ നടക്കുകയും ചെയ്യുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിരിക്കുന്നു എന്ന യാഥാർത്ഥ്യം നാം തിരിച്ചറിഞ്ഞേ മതിയാവൂ. അതേ സമയം, ആധുനിക ലോകം വച്ചു നീട്ടുന്ന സങ്കീർണ്ണതകൾക്കിടയിലും ദൈവഭയത്തിൽ, ദൈവം തെളിക്കുന്ന വഴികളിലൂടെ സഞ്ചരിക്കുന്ന കുടുംബങ്ങൾ ഇരുളിനെ ഭേദിക്കുന്ന ദീപസ്തംഭങ്ങളായി പരിലസിക്കുകയും ചെയ്യുന്നു. വെളിച്ചം പരത്തുന്ന പ്രകാശഗോപുരമായി ഓരോ കുടുംബവും പരിണമിക്കേണ്ടിയിരിക്കുന്നു എന്ന ബോധ്യത്തിൽ നിന്നുമാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ ദ്വിതീയ സഭാ അസംബ്ലിയിൽ

കുടുംബങ്ങളെക്കുറിച്ച് പ്രാർത്ഥനാപൂർവ്വം ചിന്തിക്കുന്നതും ആഴത്തിൽ പഠിക്കുന്നതും ചർച്ച ചെയ്യുന്നതും.

2018 ഫെബ്രുവരി 19 മുതൽ 23 വരെ സമ്മേളിച്ച സഭയുടെ 22-ാമത് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരം 'കൃപ നിറയുന്ന കുടുംബങ്ങൾ' എന്ന പ്രമേയം ദ്വിതീയ സഭാ അസംബ്ലിയുടെ വിഷയമായി തിരഞ്ഞെടുത്തു. ''കുടുംബ ജീവിതത്തിന്റെ സമകാലീന വെല്ലുവിളികളെക്കുറിച്ച് അവബോധം ഉള്ളവരായിത്തീരുന്നതിന്, അവയെ ദൈവേഷ്ടത്തിനു യോജിച്ച വിധം നേരിടാൻ കരുത്താർജ്ജിക്കുന്നതിന്, പ്രായോഗികമായ അജപാലന-ജീവിത പദ്ധതികൾ രൂപപ്പെടുത്തുന്നതിന്, ഇന്നത്തെ കുടുംബങ്ങൾക്ക് യോജിച്ച ആദ്ധ്യാത്മിക പന്ഥാവിനെക്കുറിച്ച് ഒരുമിച്ച് ചിന്തിക്കുന്നതിന്'' (*കൃപ നിറയുന്ന കുടുംബങ്ങൾ*, മാർഗ്ഗരേഖ, മുഖമൊഴി, പേജ് 11) വിലയേറിയ അവസരമാണ് രണ്ടാമത്തെ സഭാ അസംബ്ലി.

അസംബ്ലിയുടെ പഠനത്തിനും ചർച്ചയ്ക്കുമായി തയ്യാറാക്കപ്പെട്ട പഠനരേഖയെക്കുറിച്ചുള്ള സഭാതല പരിശീലന പരിപാടിയിൽ നമ്മുടെ ഭദ്രാസനത്തിൽ നിന്നും ബഹു. വർഗ്ഗീസ് പന്തിരായിത്തടത്തിലച്ചനും ബഹു. സിസ്റ്റർ ഇവാനിയ എസ്.ഐ.സിയും അല്മായ സഹോദരങ്ങളായ ഡോ. റെക്സ് തോമസ്, ശ്രീ. സജി താന്നിക്കൽ, ശ്രീ. മർക്കോസ് പന്തിരായിത്തടത്തിൽ, ശ്രീ. ഫ്രാൻസിസ് പറയിടത്തിൽ, ശ്രീമതി മേഴ്സി ജോർജ്ജ് ഈശ്വരൻകുടിയിൽ എന്നിവർ പങ്കെടുത്തു. അവരുടെ ത്യാഗപൂർണ്ണമായ ശ്രമഫലമായി ഇതിനോടകം നമ്മുടെ എല്ലാ മേഖലകളിലും ഈ പഠനരേഖ പരിചയപ്പെടുത്തുകയും പ്രാരംഭ ചർച്ചകൾ നടത്തുകയും ചെയ്തു. ബഹു. ഇടവക വികാരിമാരുടെ നേതൃത്വത്തിൽ ഓരോ ഇടവകയിലും ഈ വിഷയത്തിൽ പഠനങ്ങളും ചർച്ചകളും നടന്നു എന്ന് ഞാൻ കരുതുന്നു. നമ്മുടെ ഓരോ കുടുംബത്തിനും പഠനരേഖയുടെ ഒരു കോപ്പി ലഭ്യമാക്കുവാൻ ബഹു. വികാരിയച്ചൻമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സണ്ടേസ്കൂൾ 11, 12 ക്ലാസുകളിലെ ഉപപാഠപുസ്തകമായി അസംബ്ലിയുടെ പഠനരേഖ തിരഞ്ഞെടുത്ത രൂപതാ മതബോധന വിഭാഗത്തിന്റെ നടപടി ശ്ലാഘനീയമാണ്.

2019 ഒക്ടോബർ 8, 9 തിയതികളിൽ സമ്മേളിക്കുന്ന സഭാ അസംബ്ലിക്കു മുന്നോടിയായി ഭദ്രാസനതലത്തിൽ അസംബ്ലി വിളിച്ചു കൂട്ടേണ്ടത് ഭദ്രാസനാദ്ധ്യക്ഷൻ എന്ന നിലയിൽ എന്റെ ചുമതലയാണ്. പൗരസ്ത്യ കാനൻ നിയമ സംഹിതയിലെ കാനൻ 237 ഖണ്ഡിക 1-ഉം, മലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേക നിയമങ്ങളും അനുശാസിക്കുന്ന പ്രകാരം 2019 ജൂലൈ 26, 27 തിയതികളിൽ മൂവാറ്റുപുഴ ഭദ്രാസന അസംബ്ലി വിളിച്ചു കൂട്ടുന്നതായി ഞാൻ ഏവരെയും ഇതിനാൽ അറിയിക്കുന്നു. ഇടവക, വൈദിക ജില്ലാതലങ്ങളിൽ ഇതിനോടകം അസംബ്ലിയുടെ വിഷയം ചർച്ച ചെയ്യപ്പെട്ടതിനാൽ, ഭദ്രാസന അസംബ്ലിയിൽ പ്രത്യേകം നിയോഗിക്കപ്പെടുന്ന വ്യക്തികൾക്കു മാത്രമേ സംബന്ധിക്കുവാൻ സാധിക്കുകയുള്ളു.

ജൂലൈ 26-ാം തിയതി വെള്ളിയാഴ്ച വൈകുന്നേരം 5 മണി മുതൽ 27-ാം തിയതി ശനിയാഴ്ച വൈകിട്ട് 4 മണി വരെ പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽ ചേരുന്ന അസംബ്ലിയിൽ പൗരസ്ത്യ കാനൻ നിയമപ്രകാരവും മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷന്റെ കല്പന പ്രകാരവും (CPL 1/2019) നമ്മുടെ ഭദ്രാസനത്തിന്റെ പ്രത്യേക സാഹചര്യം അനുസരിച്ചും താഴെ പറയുന്നവരാണ് പങ്കെടുക്കേണ്ടത്: പ്രോട്ടോ സിഞ്ചെല്ലൂസ്, ചാൻസിലർ, പ്രൊക്യുറേറ്റർ, മൈനർ സെമിനാരി റെക്ടർ, കോറെപ്പിസ്കോപ്പമാർ, ബഥനി ആശ്രമം പ്രൊവിൻഷ്യാൾ, ബഥനി മഠം പ്രൊവിൻഷ്യാൾ, വൈദിക സമിതിയുടെ സെക്രട്ടറി, മേഖലാ വികാരിമാർ, ഓരോ മേഖലയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു വൈദിക പ്രതിനിധി, വിവിധ അപ്പസ്തോലിക ശുശ്രൂഷകളുടെ ഭദ്രാസനതല ഡയറക്ടർമാർ (MCCL, MCYM, MCA, Vincent de Paul, Family Apostolate, Bible Apostolate, Sunday School, Social Service Society, സുവിശേഷ സംഘം), ഓരോ വൈദിക ജില്ലയിലും പ്രവർത്തിക്കുന്ന സന്യാസ സമൂഹങ്ങളിൽ നിന്നും ഓരോ പ്രതിനിധി, ഭക്ത സംഘടനകളുടെ രൂപതാ പ്രസിഡന്റുമാരും ഉപരി ഘടകങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരും (MCCL, MCYM, MCA, Vincent de Paul), സുവിശേഷ സംഘത്തിൽ നിന്നും ഒരു വനിതാ പ്രതിനിധി, ബാറീത്തോ കാശീറൊ, ബർസീത്തൊ കാശീർത്തൊ, അജപാലന സമിതിയുടെ സെക്രട്ടറി, മേഖലാ അജപാലന സമിതിയിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു വനിത, ഓരോ ഇടവകയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു വ്യക്തി (പുരുഷൻ/സ്ത്രീ), ഭദ്രാസന അസംബ്ലിയുടെ റിസോഴ്സ് ടീമംഗങ്ങൾ.